## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.1241.** **30.09.2011-ൽ മറുപടിക്ക്**

## അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് വിവിധ ജോലികൾക്ക് എത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് ഒരു അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഇല്ല |
| (ബി) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്നതിനും ജോലി ചെയ്യിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) അന്യസംസ്ഥാന തൊഴിലാളികളെ അവരുടെ മാതൃസംസ്ഥാനത്തു നിന്നും നേരിട്ട് റിക്രൂട്ട് ചെയ്യുകയാണെങ്കിൽ ടി സംസ്ഥാനത്തു നിന്നുള്ള റിക്രൂട്ട്മെന്റ് ലൈസൻസും കേരള സംസ്ഥാനത്തു നിന്നുള്ള എംപ്ലോയ്മെന്റ് ലൈസൻസും ആവശ്യമാണ്. കൂടാതെ ഒരു തൊഴിലാളിക്ക് 1,000/- രൂപ നിരക്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കെട്ടി വെയ്ക്കേണ്ടതുണ്ട്. ഇത്തരം തൊഴിലാളികൾക്ക് താമസസൗകര്യവും കുറഞ്ഞ നിരക്കിൽ ഭക്ഷണവും ഉടമ നൽകേണ്ടതുണ്ട്. ബന്ധപ്പെട്ട കോൺട്രാക്ടർ ഇവ നൽകുന്നില്ലെങ്കിൽ ആയത് നൽകാൻ ഉടമയ്ക്ക് ബാദ്ധ്യതയുണ്ട്. കൂടാതെ ടി തൊഴിലാളികളുടെ യാത്രാ ചിലവിന് ഡിസ്പ്ലേസ്മെന്റ് അലവൻസും നൽകണം. |

| | | |
|---|---|---|
| (സി) മാനദണ്ഡങ്ങൾ ലംഘിച്ച് തൊഴിലാളികളെ കൂട്ടത്തോടെ കൊണ്ടുവരികയും ലേലം ചെയ്തു നൽകുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | അന്യസംസ്ഥാന തൊഴിലാളികൾ സ്വന്തം നിലയിൽ കേരളത്തിൽ എത്തിയതിനു ശേഷം കോൺട്രാക്ടർമാർ/ഉടമകൾ എന്നിവരുമായി ബന്ധപ്പെട്ട് നിർമ്മാണ മേഖലയിൽ ജോലി ചെയ്യുകയാണ് പതിവ്. പരിശോധനയിൽ കണ്ടെത്തുന്ന എല്ലാ കോൺട്രാക്ടർമാരെയും കൊണ്ട് എംപ്ലോയ്മെന്റ് ലൈസൻസ് എടുപ്പിക്കാറുണ്ട്. |
| (ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്നവരിൽ ചിലർ ക്രിമിനൽ പശ്ചാത്തലമുള്ളവരും ചിലർ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നവരുമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) കേരളം നിർമ്മാർജ്ജനം ചെയ്ത ചില രോഗങ്ങൾ അന്യസംസ്ഥാന തൊഴിലാളികൾ മുഖേന വീണ്ടും ഇവിടെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇതു സംബന്ധിച്ച മാദ്ധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ അന്യസംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യമായി ചികിത്സയും മരുന്നു വിതരണവും നടത്തി വരുന്നുണ്ട്. |
| (എഫ്) ഇവരെ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ? | (എഫ്) | ഇവരെ ഫലപ്രദമായി നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ച വിശദവിവരങ്ങളുടെ സോഫ്റ്റ് കോപ്പി ആഭ്യന്തര വകുപ്പിന് നൽകുവാൻ ഉദ്ദേശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ